**മധുരമായ കുട്ടികളേ – ഓരോ ചുവടിലും എന്താണോ സംഭവിക്കുന്നത് അത് മംഗളകാരിയാണ്, ആരാണോ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നത് അവർക്കാണ് ഈ ഡ്രാമയിൽ ഏറ്റവുമധികം മംഗളമുണ്ടാകുന്നത്.**

**ചോദ്യം:–** ഡ്രാമയുടെ ഏതൊരു രഹസ്യത്തെ അറിയുന്ന കുട്ടികൾക്കാണ് അപാരസന്തോഷത്തിൽ ഇരിക്കാൻ സാധിക്കുക?

**ഉത്തരം:–** ആർക്കാണോ ഡ്രാമയനുസരിച്ച് ഇപ്പോൾ ഈ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കണം, പ്രകൃതിക്ഷോഭം ഉണ്ടാകണമെന്ന് അറിയുന്നത്. ഒപ്പം നമ്മുടെ രാജധാനിയുടെ സ്ഥാപന ഉണ്ടാവുക തന്നെ വേണം, ഇതിൽ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. അവസ്ഥക്ക് ഏറ്റക്കുറച്ചിലുകൾ സംഭവിച്ചുകൊണ്ടിരിക്കും, ഇടക്ക് ഒരുപാട് ഉണർവ്വ്, ഇടക്ക് തണുത്ത മട്ടായിരിക്കും, ഇതിൽ ഒരിക്കലും സംശയിക്കരുത്. സർവ്വ ആത്മാക്കൾക്കും അച്ഛനായ ഭഗവാൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന സന്തോഷത്തിലിരിക്കണം.

**ഗീതം:–** സഭയിൽ ജ്വലിച്ചുയർന്ന ദീപം....

**ഓം ശാന്തി**. മധുരമധുരമായ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചുള്ള ചൈതന്യ ഈയാമ്പാറ്റകൾക്ക് ബാബ സ്നേഹസ്മരണകൾ നൽകുകയാണ്. നിങ്ങൾ എല്ലാവരും ചൈതന്യ ഈയാമ്പാറ്റകളാണ്. ബാബയെ അണയാത്ത ദീപമെന്നും പറയുന്നു, എന്നാൽ ആർക്കുമറിയില്ല,അണയാത്ത ദീപം വലുതല്ല ഒരു ബിന്ദുവാണ്. ആത്മാവ് ബിന്ദുവാണെന്നുള്ളത് ആരുടെയും ബുദ്ധിയിലുണ്ടാകില്ല. നമ്മൾ ആത്മാക്കളിലാണ് മുഴുവൻ പാർട്ടും ഉള്ളത്. മറ്റാരുടെ ബുദ്ധിയിലും ആത്മാ–പരമാത്മാവിന്റെ ജ്ഞാനമില്ല. നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് ബാബ വന്ന് മനസ്സിലാക്കിത്തന്ന് ആത്മാവിന്റെ തിരിച്ചറിവ് നൽകിയത്. ആത്മാവ് എന്താണ് പരമാത്മാവ് എന്താണ് എന്നുള്ളത് മുൻപ് അറിയുമായിരുന്നില്ല. അതുകൊണ്ട് ദേഹാഭിമാനം കാരണം കുട്ടികളിൽ മോഹവുമുണ്ട്, വികാരവും ഒരുപാടുണ്ട്. ഭാരതം എത്ര ഉയർന്നതായിരുന്നു. വികാരത്തിന്റെ പേര് പോലും ആ സമയത്ത് ഉണ്ടായിരുന്നില്ല. അപ്പോൾ നിർവികാരീ ഭാരതമായിരുന്നു, ഇപ്പോൾ വികാരീ ഭാരതമാണ്. എങ്ങനെയാണോ ബാബ മനസ്സിലാക്കിത്തരുന്നത് അതുപോലെ മറ്റൊരു മനുഷ്യനും മനസ്സിലാക്കിത്തരുവാൻ സാധിക്കില്ല. ഇന്നേക്ക് 5000 വഷങ്ങൾക്കു മുൻപ് നമ്മൾ ഭാരതത്തെ ശിവാലയമാക്കിയിരുന്നു. ഞാൻ തന്നെയാണ് ശിവാലയം സ്ഥാപിച്ചിരുന്നത്. എങ്ങനെ? അതും നിങ്ങൾക്കിപ്പോൾ മനസ്സിലായിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം ഓരോ ചുവടും എന്തെല്ലാമാണോ സംഭവിക്കുന്നത് അത് മംഗളകാരിയാണ്. ആരാണോ നല്ല രീതിയിൽ ബാബയെ ഓർമ്മിച്ച് അവനവന്റെ മംഗളം ചെയ്തുകൊണ്ടിരിക്കുന്നത് അങ്ങനെയുള്ള കുട്ടികളുടെ ഓരോ ദിവസവുമാണ് കൂടുതൽ മംഗളകരം. ഈ യുഗം മംഗളകാരീ പുരുഷോത്തമനായി മാറാനുള്ള യുഗമാണ്. ബാബക്ക് എത്ര മഹിമയാണ്. നിങ്ങൾക്കറിയാം ഇപ്പോൾ സത്യം സത്യമായ ഭാഗവതമാണ് നടന്നുകൊണ്ടിരിക്കുന്നത്. ദ്വാപരയുഗത്തിൽ എപ്പോഴാണോ ഭക്തിമാർഗ്ഗം ആരംഭിച്ചത് അപ്പോൾ ആദ്യമാദ്യം നിങ്ങളും വജ്രങ്ങളുടെ ലിംഗമുണ്ടാക്കി പൂജ ചെയ്യുന്നു. ഇപ്പോൾ നിങ്ങൾക്ക് സ്മൃതി ഉണർന്നു കഴിഞ്ഞു, നമ്മൾ എപ്പോഴാണോ പൂജാരിയായിരുന്നത് അപ്പോൾ ക്ഷേത്രങ്ങൾ പണിതിരുന്നു. വജ്രങ്ങളും മാണിക്യങ്ങളും ഉപയോഗിച്ച് ക്ഷേത്രങ്ങൾ ഉണ്ടാക്കിയിരുന്നു. ആ ചിത്രങ്ങളൊന്നും ഇപ്പോൾ ലഭിക്കില്ല. ഇവിടെയുള്ള മനുഷ്യർ വെള്ളിയുടെ വിഗ്രഹങ്ങൾ ഉണ്ടാക്കിയാണ് പൂജിക്കുന്നത്. അങ്ങനെയുള്ള പൂജാരികൾക്ക് ഒരുപാട് അംഗീകാരമുണ്ട്. ശിവന്റെ പൂജയും എല്ലാവരും ചെയ്യുന്നുണ്ട്. എന്നാൽ അവ്യഭിചാരി പൂജയല്ല.

വിനാശം തീർച്ചയായും സംഭവിക്കണം എന്നുള്ളതും കുട്ടികൾക്കറിയാം, തയ്യാറെടുപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രകൃതി ക്ഷോഭവും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ആര് എത്ര തന്നെ പ്രയത്നിച്ചാലും നിങ്ങളുടെ രാജധാനിയുടെ സ്ഥാപന ഉണ്ടാവുക തന്നെ വേണം. ഇതിൽ ആർക്കും ഒന്നും ചെയ്യാനുള്ള ശക്തിയില്ല. ബാക്കി അവസ്ഥകൾക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരിക്കും. ഇത് വളരെ വലിയ സമ്പാദ്യമാണ്. ഇടക്ക് നിങ്ങൾ കുട്ടികൾ വളരെ സന്തോഷത്തിൽ നല്ല ചിന്തനത്തിൽ ഇരിക്കും, ഇടക്ക് അലസരാകും. മറ്റുള്ള യാത്രകളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതു പോലെ ഇതിലും അങ്ങനെത്തന്നെയാണ്. ഇടക്ക് അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കുന്നതിലൂടെ വളരെ സന്തോഷം ഉണ്ടാകുന്നു ആഹാ ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, അത്ഭുതമാണ്! സർവ്വാത്മാക്കൾക്കും പിതാവായ ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവർ കൃഷ്ണനെ ഭഗവാനെന്ന് മനസ്സിലാക്കി.

മുഴുവൻ ലോകത്തിലും ഗീതക്ക് വളരെയധികം അംഗീകാരമുണ്ട്. കാരണം ഭഗവാനുവാചയല്ലേ. പക്ഷെ ഭഗവാനെന്ന് ആരെയാണ് പറയുന്നതെന്ന് ആർക്കും അറിയില്ല. വലിയ ഉയർന്ന പദവി ഉള്ളവരും വിദ്വാന്മാരും പണ്ഢിതന്മാരും ഗോഡ്ഫാദർ എന്നു പറഞ്ഞ് ഓർമ്മിക്കുന്നുണ്ട്. പക്ഷെ എപ്പോൾ വന്ന് എന്ത് ചെയ്തു എല്ലാം മറന്നു. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. ഡ്രാമയിൽ ഇതെല്ലാം അടങ്ങിയിട്ടുണ്ട്. ഈ രാവണരാജ്യം വീണ്ടുമുണ്ടാകും അപ്പോൾ വീണ്ടും ബാബക്ക് വരേണ്ടി വരുന്നു. രാവണൻ തന്നെയാണ് നിങ്ങളെ അജ്ഞാന അന്ധകാരത്തിൽ ഉറക്കുന്നത്. ജ്ഞാനം കേവലം ജ്ഞാനസാഗരനായ ബാബക്കു മാത്രമേ നൽകാൻ സാധിക്കൂ. ഇതിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത്. ബാബക്കല്ലാതെ മറ്റാർക്കും സദ്ഗതി ചെയ്യാൻ കഴിയില്ല. സർവ്വരുടെയും സദ്ഗതിദാതാവ് ഒരാളാണ്. ബാബ കേൾപ്പിച്ചുതന്ന ഗീതാജ്ഞാനം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. ജ്ഞാനം പരമ്പരാഗതമായി ഉണ്ടാകുന്നില്ല. മറ്റുള്ള ധർമ്മത്തിലുള്ളവരുടെ ഖുറാൻ, ബൈബിൾ എന്നിവയുടെ നാശം സംഭവിക്കുന്നില്ല. നിങ്ങൾക്കിപ്പോൾ ഞാൻ നൽകുന്ന ജ്ഞാനത്തിന്റെ ശാസ്ത്രങ്ങളൊന്നും ഉണ്ടാകുന്നില്ല. മറ്റുള്ള ധർമ്മഗ്രന്ഥങ്ങളെപ്പോലെ അനാദിയും പരമ്പരാഗതവുമായിരിക്കാൻ ബാബ പറയുന്ന ജ്ഞാനത്തിന് ഇപ്പോൾ മറ്റൊരു ശാസ്ത്രവും ഉണ്ടാകുന്നില്ല. നിങ്ങളിപ്പോൾ എഴുതുന്നുണ്ടെങ്കിലും അതെല്ലാം നശിക്കും. പ്രകൃതി ക്ഷോഭത്തിൽ എല്ലാം ഭസ്മമാകും. ബാബ കൽപ്പം മുമ്പും നിങ്ങളോട് പറഞ്ഞിരുന്നു ഇപ്പോഴും നിങ്ങളോട് പറയുകയാണ് – നിങ്ങൾക്കു ലഭിക്കുന്ന ഈ ജ്ഞാനത്തിന്റെ പ്രാപ്തിയാണ് സത്യയുഗത്തിൽ നേടുന്നത്. പിന്നീട് ഈ ജ്ഞാനത്തിന്റെ ആവശ്യമില്ല. ബാക്കിയെല്ലാം ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്. ബാബ നിങ്ങൾക്ക് ഗീത വായിച്ച് കേൾപ്പിച്ച് തരുന്നില്ല. ബാബ രാജയോഗത്തിന്റെ പഠിപ്പ് നൽകുന്നു അതിന്റെ ശാസ്ത്രം പിന്നീട് ഭക്തിമാർഗ്ഗത്തിൽ ഉണ്ടാക്കുന്നു അതിനെയും തലകീഴാക്കി മാറ്റി. മുഖ്യമായ കാര്യം തന്നെ ഇതാണ് ആരാണ് ഗീതാജ്ഞാനം നൽകിയത് അവരുടെ പേരിനെ മാത്രം മാറ്റി. മറ്റാരുടെയും പേര് മാറിയിട്ടില്ല. ഗീത എല്ലാവരുടേയും മുഖ്യമായ ധർമ്മഗ്രന്ഥമാണ്. മുഖ്യമായും മൂന്ന് ധർമ്മങ്ങളുണ്ട് ദേവതാധർമ്മം ഇസ്ലാംധർമ്മം ബുദ്ധധർമ്മം. ചിലർ പറയാറുണ്ട് ആദ്യം ബുദ്ധധർമ്മം പിന്നീട് ഇസ്ലാം ധർമ്മം. അപ്പോൾ പറയൂ, ഈ കാര്യങ്ങളുമായി ഗീതക്ക് യാതൊരു ബന്ധവുമില്ല. നമ്മുടെ കർത്തവ്യമാണ് ബാബയിൽ നിന്നും സമ്പത്ത് നേടുക എന്നുള്ളത്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത് – ഇത് വളരെ വലിയ വൃക്ഷമാണ് ഇതിൽ നിന്നും മുഖ്യമായും മൂന്ന് ശാഖകൾ ഉണ്ടാകുന്നു. എത്ര നല്ല വിവേകത്തോടെ ഉണ്ടാക്കിയിട്ടുള്ള വൃക്ഷമാണ്. നമ്മൾ ഏത് ധർമ്മത്തിലേതാണെന്നുള്ളത് ആർക്കും പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ ധർമ്മം ആരാണ് സ്ഥാപിച്ചത്? ദയാനന്ദ്, അരവിന്ദഘോഷ്... എന്നിവരെല്ലാം ഇപ്പോൾ വന്ന് പോയവരാണ്. അവരും യോഗങ്ങൾ പഠിപ്പിക്കുന്നവരാണ്. പക്ഷേ ഭക്തിമാർഗ്ഗത്തിലുള്ളതാണെന്നു മാത്രം. അതിലൊന്നും ജ്ഞാനത്തിന്റെ പേരോ അടയാളമോ ഇല്ല. എത്ര വലിയ വലിയ ടൈറ്റിലുകളാണ് അവർക്ക് ലഭിക്കുന്നത്. ഇതെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇനി വീണ്ടും അയ്യായിരം വർഷങ്ങൾക്കു ശേഷവും സംഭവിക്കും. ആരംഭം മുതൽക്ക് ഈ ചക്രം എങ്ങനെ കറങ്ങി പിന്നെങ്ങനെ ആവർത്തിക്കുന്നു? ഇതിനെക്കുറിച്ചെല്ലാം നിങ്ങൾക്കറിയാം. ഇപ്പോഴത്തെ വർത്തമാന സമയം പിന്നീട് ഭൂതകാലമായി വീണ്ടും അത് ഭാവിയാകുന്നു. ഭൂതം– ഭാവി –വർത്തമാനം. എന്താണോ കഴിഞ്ഞു പോയത് അത് വീണ്ടും ഭാവിയാകുന്നു. ഈ സമയം നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നു. പിന്നീട് നിങ്ങൾ രാജ്യപദവി നേടുന്നു. ഈ ദേവതകളുടെ രാജ്യം ആദ്യം ഉണ്ടായിരുന്നില്ലേ. ആ സമയത്ത് മറ്റൊരു രാജ്യവും ഉണ്ടായിരുന്നില്ല. ഇതും ഒരു കഥപോലെ നിങ്ങൾ പറഞ്ഞു കൊടുക്കണം. വളരെ മനോഹരമായ ഒരു കഥയായിത്തീരും. വളരെ പണ്ട് 5000 വർഷങ്ങൾക്കു മുമ്പ് ഈ ഭാരതം സത്യയുഗമായിരുന്നു, അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. കേവലം ദേവീ–ദേവതകളുടെ രാജ്യമായിരുന്നു. അതിനെ സൂര്യവംശി രാജ്യം എന്നായിരുന്നു പറഞ്ഞിരുന്നത്. ലക്ഷ്മീ–നാരായണന്റെ രാജ്യം 1250 വർഷങ്ങൾ നടന്നു, പിന്നീട് അവർ രാജ്യഭരണം തന്റെ സഹോദരങ്ങളായ ക്ഷത്രിയർക്ക് നൽകി, പിന്നീട് അവരുടെ രാജ്യഭരണമായിരുന്നു. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും, ബാബയാണ് വന്ന് നമ്മെ പഠിപ്പിച്ച് ഈ പദവിക്ക് യോഗ്യരാക്കി മാറ്റിയത്. ആരാണോ നല്ല രീതിയിൽ പഠിച്ചത് അവർ സൂര്യവംശികളായി. ആരാണോ തോറ്റു പോയത് അവരുടെ പേരാണ് ക്ഷത്രിയർ. ബാക്കി യുദ്ധത്തിന്റെ കാര്യമൊന്നും ഇവിടെയില്ല. ബാബ പറയുന്നു, കുട്ടികളേ നിങ്ങൾ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം നശിക്കുന്നു. നിങ്ങൾക്ക് വികർമ്മങ്ങൾക്കു മേൽ വിജയം പ്രാപിക്കണം. ബാബ നൽകുന്ന ആജ്ഞയാണ് ആരാണോ കാമത്തിനുമേൽ വിജയം പ്രാപിക്കുന്നത് അവരാണ് ജഗദ്ജീത്തായി മാറുന്നത്. പിന്നീട് അരക്കൽപത്തിനു ശേഷം വീണ്ടും വാമമാർഗ്ഗത്തിലേക്ക് അധപതിക്കുന്നു. അതിന്റെയും ചിത്രങ്ങളുണ്ട്. മുഖം മാത്രം ദേവതകളുടേതാണ്. രാമരാജ്യവും രാവണരാജ്യവും പകുതി–പകുതിയാണ്. അതിന്റെ കഥയുണ്ടാക്കണം. പിന്നീട് എന്തു സംഭവിച്ചു? ഇതിനെയാണ് സത്യനാരായണന്റെ കഥയെന്നു പറയുന്നത്. സത്യം ഒരേയൊരു ബാബയാണ്. ബാബ ഈ സമയത്ത് വന്ന് സൃഷ്ടിയുടെ ആദി– മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനമാണ് നൽകുന്നത്, ഇത് മറ്റാർക്കും നൽകുവാൻ സാധിക്കില്ല. മറ്റുള്ള മനുഷ്യർക്ക്

ബാബയെത്തന്നെ അറിയില്ല. ഡ്രാമയിലുള്ള അഭിനേതാക്കൾക്ക്, അതിന്റെ രചയിതാവിനെക്കുറിച്ചും സംവിധായകനെക്കുറിച്ചും അറിയുന്നില്ലെങ്കിൽ പിന്നെ ആർക്കറിയാനാണ്! ഇപ്പോൾ നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തന്നു, ഡ്രാമയനുസരിച്ച് എല്ലാം വീണ്ടും ഇങ്ങനെത്തന്നെ സംഭവിക്കുന്നു. ബാബ വന്ന് നിങ്ങൾ കുട്ടികളെ വീണ്ടും പഠിപ്പിക്കുന്നു. ഇവിടെ മറ്റൊരാൾക്കും വരാൻ സാധിക്കില്ല. ബാബ പറയുന്നു. ഞാൻ വന്ന് കുട്ടികളെയാണ് പഠിപ്പിക്കുന്നത്. പുതിയവരെ ഇവിടെയിരുത്താൻ സാധിക്കില്ല. ഇന്ദ്രപ്രസ്ഥത്തിന്റെ കഥയുണ്ടല്ലോ. ഇന്ദ്രനീലം, പുഷ്യരാഗം... നിങ്ങളിലും ചിലർ വജ്രത്തെപ്പോലുള്ള രത്നങ്ങളാണ്. നോക്കൂ, രമേശ്ജി പ്രദർശിനിയെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞപ്പോൾ എല്ലാവരുടെയും വിചാരസാഗരമഥനം അതിനെക്കുറിച്ചുണ്ടായി. അപ്പോൾ വജ്രസമാനമുള്ള ജോലി ചെയ്തില്ലേ. ചിലർ പുഷ്യരാഗം ചിലർ മറ്റുപലത്... ചിലർ യാതൊന്നും തന്നെ അറിയാത്തവരുമുണ്ട്. രാജധാനി സ്ഥാപിക്കുകയാണെന്നുള്ളത് അറിയാമല്ലോ. അതിൽ രാജാ-റാണി തുടങ്ങി എല്ലാവരും വേണമല്ലോ. നിങ്ങൾക്കറിയാം നമ്മൾ ബ്രാഹ്മണർ ശ്രീമതമനുസരിച്ച് പഠിച്ച് വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. എത്ര സന്തോഷമുണ്ടായിരിക്കണം. ഈ മൃത്യുലോകം തന്നെ അവസാനിക്കാൻ പോവുകയാണ്. ബ്രഹ്മാബാബ ഇപ്പോഴും മനസ്സിലാക്കുന്നുണ്ട്, ഇപ്പോൾ ഞാൻ പോയി ഒരു കുട്ടിയായി മാറും. കുട്ടിക്കാലത്തെ കാര്യങ്ങളെല്ലാം തന്നെ ഇപ്പോഴേ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു, പെരുമാറ്റത്തിലും പരിവർത്തനം സംഭവിക്കുന്നു. ഇതുപോലെ എപ്പോഴാണോ അവിടെയും(സത്യയുഗത്തിൽ) വാനപ്രസ്ഥ അവസ്ഥയിലേക്കു വരുന്നത് അപ്പോൾ ഞാൻ ഈ ശരീരം ഉപേക്ഷിച്ച് ശൈശവ അവസ്ഥയിലേക്ക് പോകുമെന്ന് മനസ്സിലാക്കും. കുട്ടിക്കാലത്തെ അവസ്ഥ സതോപ്രധാന അവസ്ഥയാണ്. ലക്ഷ്മി-നാരായണൻ യുവാവസ്ഥയാണ്. വിവാഹം കഴിഞ്ഞവരെ ഒരിക്കലും ബാലക അവസ്ഥയിലുള്ളവരെന്നു പറയില്ല. യുവാവസ്ഥയുള്ളവരെ രജോ എന്നും വൃദ്ധ അവസ്ഥയുള്ളവരെ തമോ എന്നും പറയുന്നു. അതുകൊണ്ടാണ് കൃഷ്ണനോട് കൂടുതൽ സ്നേഹം. കൃഷ്ണൻ തന്നെയാണ് നാരായണനാകുന്നത്, എന്നാൽ മനുഷ്യർക്ക് ഈ കാര്യങ്ങളെക്കുറിച്ചൊന്നും അറിയില്ല. കൃഷ്ണനെ ദ്വാപരയുഗത്തിലും ലക്ഷ്മീ-നാരായണനെ സത്യയുഗത്തിലേക്കും കൊണ്ടുവന്നു. ഇപ്പോൾ നിങ്ങൾ ദേവതയാകാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്.

ബാബ പറയുന്നു കുമാരിമാർ മുന്നിലേക്കിറങ്ങണം. കന്യാകുമാരി, അധർകുമാരി, ദിൽവാഡാ.... എന്നീ ക്ഷേത്രങ്ങളെല്ലാം നിങ്ങളുടെ കൃത്യമായ ഓർമ്മചിഹ്നങ്ങളാണ്. അത് ജഢമാണ് നിങ്ങൾ ചൈതന്യമാണ്. നിങ്ങൾ ഇവിടെ ചൈതന്യത്തിൽ ഇരുന്ന് ഭാരതത്തെ സ്വർഗ്ഗമാക്കിക്കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗം ഇവിടെത്തന്നെയല്ലേ ഉണ്ടാവുക. മൂലവതനം സൂക്ഷ്മവതനം എവിടെയാണ് ഇതിനെക്കുറിച്ചെല്ലാം നിങ്ങൾക്കറിയാം. മുഴുവൻ ഡ്രാമയെക്കുറിച്ചും നിങ്ങൾ അറിയുന്നു. എന്താണോ കഴിഞ്ഞുപോയത് അത് പിന്നീട് ഭാവിയാകുന്നു അതുതന്നെ വീണ്ടും ഭൂതകാലമാകുന്നു. നിങ്ങളെ ആരാണ് പഠിപ്പിക്കുന്നത് എന്നു മനസ്സിലാക്കണം, നമ്മെ ഭഗവാനാണ് പഠിപ്പിക്കുന്നത്. സന്തോഷത്തിൽ മതിമറക്കണം. ബാബയുടെ ഓർമ്മയിലൂടെ എല്ലാ ചതിവുകളും ഇല്ലാതാകും. ബാബ നമ്മുടെ അച്ഛനുമാണ്, നമ്മെ പഠിപ്പിക്കുന്നുമുണ്ട് കൂടെ കൊണ്ടുപോവുകയും ചെയ്യും. സ്വയം ആത്മാവെന്ന് മനസിലാക്കി പരമാത്മാവാകുന്ന അച്ഛനോട് ഇങ്ങിനെയുള്ള കാര്യങ്ങൾ സംസാരിക്കണം. ബാബാ ഞങ്ങളിപ്പോൾ എല്ലാം അറിഞ്ഞുകഴിഞ്ഞു, ബ്രഹ്മാവിനെക്കുറിച്ചും വിഷ്ണുവിനെക്കുറിച്ചും അറിഞ്ഞു കഴിഞ്ഞു. വിഷ്ണുവിന്റെ നാഭിയിലൂടെ ബ്രഹ്മാവിനെ കാണിക്കുന്നുണ്ട് വിഷ്ണുവിനെ ക്ഷീരസാഗരത്തിലും കാണിക്കുന്നുണ്ട് ബ്രഹ്മാവിനെ സൂക്ഷ്മവതനത്തിലും കാണിക്കുന്നുണ്ട്. വാസ്തവത്തിൽ രണ്ടുപേരും ഇവിടെത്തന്നെയുള്ളവരാണ്. വിഷ്ണു രാജ്യം ഭരിക്കുന്ന ആളാണ്. അഥവാ വിഷ്ണുവിൽ നിന്നും ബ്രഹ്മാവ് ഉണ്ടായിയെങ്കിൽ ബ്രഹ്മാവും രാജ്യം ഭരിക്കണമല്ലോ. വിഷ്ണുവിന്റെ നാഭിയിലൂടെ വരികയാണെങ്കിൽ വിഷ്ണുവിന്റെ കുട്ടിയെപ്പോലെയായി. ഈ കാര്യങ്ങളെല്ലാം ബാബ മനസ്സിലാക്കിത്തരുന്നു. ബ്രഹ്മാവ് തന്നെയാണ് 84 ജന്മം പൂർത്തിയാക്കി ഇപ്പോൾ വിഷ്ണുപുരിയുടെ അധികാരിയാവുന്നത്. ഈ കാര്യങ്ങൾ ആരും പൂർണ്ണമായും മനസ്സിലാക്കാത്തതുകൊണ്ടാണ് സന്തോഷത്തിന്റെ രസം ഉയരാത്തത്. ഗോപ-ഗോപികമാർ നിങ്ങളാണ്. സത്യയുഗത്തിൽ ഉണ്ടാകില്ല. അവിടെ രാജകുമാരീ-കുമാരനാണ്. ഗോപ-ഗോപികമാരുടെ ഗോപീവല്ലഭനല്ലേ. പ്രജാപിതാ ബ്രഹ്മാവ് സർവ്വരുടെയും പിതാവാണ് പിന്നീട് നമ്മൾ എല്ലാ ആത്മാക്കളുടെയും പിതാവ് നിരാകാരനായ ശിവനാണ്. നമ്മളെല്ലാവരും മുഖവംശാവലികളാണ്. നിങ്ങൾ ബ്രഹ്മാകുമാർ-കുമാരിമാർ സഹോദരീ-സഹോദന്മാരായിക്കഴിഞ്ഞു. വികാരീദൃഷ്ടി പാടില്ല, ഇതിൽ ത്തന്നെയാണ് മായ തോൽപ്പിക്കുന്നത്. ബാബ പറയുന്നു ഇപ്പോൾ വരെ എന്തെല്ലാമാണോ പഠിച്ചിട്ടുള്ളത് അതിനെ ബുദ്ധികൊണ്ട് മറക്കണം. ഞാൻ എന്താണോ കേൾപ്പിക്കുന്നത് അതുമാത്രം പഠിക്കൂ. ഏണിപ്പടിയുടെ ചിത്രം ഫസ്റ്റ് ക്ലാസ്സാണ്. മുഴുവൻ ആധാരവും ഒരുകാര്യത്തിലാണ്. ഗീതയുടെ ഭഗവാൻ ആരാണ്? കൃഷ്ണനെ ഭഗവാനെന്ന് പറയാൻ കഴിയില്ല. കൃഷ്ണൻ സർവ്വഗുണസമ്പന്നനായ ദേവതയാണ്.

ആ കൃഷ്ണന്റെ പേരാണ് ഗീതയിൽ നൽകിയിട്ടുള്ളത്. കൃഷ്ണനെത്തന്നെ കറുത്തതാക്കി മാറ്റി പിന്നീട് ലക്ഷ്മീ-നാരായണനെയും കറുത്തതാക്കി. രാമചന്ദ്രനേയും കറുത്തതാക്കി. ബാബ പറയുന്നു കാമചിതയിൽ ഇരിക്കുന്നതിലൂടെയാണ് കറുത്തതായത്. കൃഷ്ണന്റെ പേരുമാത്രം ശ്യാമസുന്ദരൻ എന്ന് എടുത്തുപറഞ്ഞു. നിങ്ങളെല്ലാവരും ബ്രാഹ്മണരാണ്. ഇപ്പോൾ നിങ്ങൾ ജ്ഞാനചിതയിൽ ഇരിക്കുന്നു. ശൂദ്രർ കാമചിതയിൽ ഇരിക്കുന്നവരാണ്. ബാബ പറയുന്നു വിചാരസാഗര മഥനം ചെയ്ത് യുക്തികൾ കണ്ടെത്തൂ എങ്ങനെ മറ്റുള്ളവരെ ഉണർത്തണം? ഡ്രാമയനുസരിച്ചേ ഉണരൂ. ഡ്രാമ വളരെ പതുക്കെ-പതുക്കെയാണ് പോകുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) സദാ ഈ സ്മൃതിയിലിരിക്കണം നമ്മൾ ഗോപീവല്ലഭന്റെ ഗോപ-ഗോപികമാരാണ്. ഈ സ്മൃതിയിലൂടെ സദാ സന്തോഷത്തിന്റെ രസം ഉയർന്നിരിക്കണം.

2) ഇതുവരെ എന്തെല്ലാമാണോ പഠിച്ചിട്ടുള്ളത്, അതിനെ ബുദ്ധികൊണ്ട് മറന്ന് ബാബ എന്താണോ കേൾപ്പിക്കുന്നത് അത് മാത്രം പഠിക്കൂ. നമ്മൾ സഹോദരീ-സഹോദരന്മാരാണ് ഈ സ്മൃതിയിലൂടെ വികാരീദൃഷ്ടിയെ സമാപ്തമാക്കണം. മായയോട് ഒരിക്കലും തോൽക്കരുത്.

## വരദാനം- സേവനങ്ങളിലൂടെ യോഗയുക്തസ്ഥിതിയുടെ അനുഭവം ചെയ്യുന്ന ആത്മീയ സേവാധാരിയായി ഭവിക്കട്ടെ.

ബ്രാഹ്മണജീവിതം സേവനത്തിനുള്ള ജീവിതമാണ്.മായയിൽനിന്നും പുതുജീവൻ ലഭിക്കാനുള്ള ശ്രേഷ്ഠ മാർഗ്ഗം സേവനമാണ്.സേവനം യോഗയുക്തമാക്കുന്നു എന്നാൽ വെറുതെ വാക്കുകളിലൂടെയുള്ള സേവ നങ്ങൾ മാത്രമല്ല ,ഇതുവരെ കേട്ട മധുരമായ വാക്കുകളുയെ സ്വരൂപമായി സേവനം ചെയ്യണം.നിസ്വാർത്ഥ സേവനം ചെയ്യുക .ത്യാഗം,തപസ്യ എന്നിവയുടെ സ്വരൂപമായി സേവനം ചെയ്യുകയും പരിധിയുള്ള ആഗ്ര ഹങ്ങളിൽനിന്നും ഉപരിയായി നിഷ്കാമസേവനം ചെയ്യുന്നതിനെയുമാണ് ഈശ്വരീയസേവനം അഥവാ ആത്മീയസേവനം എന്ന് പറയുന്നത്.വാക്കുകൾക്കൊപ്പം മനസ്സിലൂടെ സേവനം ചെയ്യുകയെന്നാൽ മൻമ നാഭവ സ്ഥിത്യിൽ സ്ഥിതിചെയ്യുക എന്നാണർത്ഥം.

## സ്ലോഗൻ-ആകൃതിയെ നോക്കാതെ നിരാകാരനായ ബാബയെ കാണുകയാണെങ്കിൽ ആകർഷണമൂർത്തരായി മാറും.

**അവ്യക്തസൂചന-സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവിയായി മാറൂ...**
ബാപാദാദക്ക് തന്റെ കുട്ടികളോട് ഇത്രയധികം സ്നേഹമുണ്ട് അതിനാൽ ഒരോകുട്ടിയും എന്നേക്കാൾ മുന്നിലാകണം എന്നാണ് ആഗ്രഹിക്കുന്നത് ലോകത്തും ആരാടാണോ സ്നേഹമുള്ളത് അവരെ തന്നേ ക്കാൾ മുന്നിലെത്തിക്കും. ഇതുതന്നെയാണ് സ്നേഹത്തിന്റെ അടയാളം. അതിനാൽ ബാപാദാദയും പറ യുന്നു എന്റെ കുട്ടികളിൽ ഇപ്പോൾ ഒരുകുറവുമുണ്ടാകരുത്.എല്ലാവരും സമ്പൂർണ്ണവും സമ്പന്നവും സമാ നവുമായി മാറട്ടെ. ഈ പരമാത്മാസ്നേഹം തന്നെയാണ് സഹജയോഗിയാക്കി മാറ്റുന്നത്.